# മുണ്ടശ്ശേരിയുടെ ശകുന്തള

## ലിംഗപദവിയിലെ വൈരുദ്ധ്യങ്ങളുടെ പഠനം

**ജൂലിയാ ഡേവിഡ്**
അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, മഹാരാജാസ് കോളേജ്, എറണാകുളം

*"..ശകുന്തള കാളിദാസന്റെ കഥാപാത്രങ്ങളിൽവെച്ച്*
*ഏറ്റവും സഹാനുഭൂതിയർഹിക്കുന്ന ഒന്നായിത്തീർന്നിരിക്കുന്നുവെന്നത് വാസ്തവം.*
*എന്നാൽ സ്ത്രീത്വത്തെ സംബന്ധിച്ചിടത്തോളം അതൊരു നേട്ടമാണോ?"*
—മുണ്ടശ്ശേരി

ജോസഫ് മുണ്ടശ്ശേരിയുടെ കാലത്തിന്റെ കണ്ണാടി എന്ന സാഹിത്യ നിരൂപണ ഗ്രന്ഥം 1954-ലാണ് ആദ്യമായി പ്രസിദ്ധീകരിച്ചത്. കാളിദാസനും കാലത്തിന്റെ ദാസൻ, ഭവഭൂതിയുടെ ബ്രാഹ്മരാഷ്ട്രീയം, മൃച്ഛകടികം—ഒരപവാദം, ദുഷ്യന്തനെപ്പറ്റി എന്നിങ്ങനെ നാലു വിമർശന പ്രബന്ധങ്ങളാണ് കാലത്തിന്റെ കണ്ണാടിയിലുള്ളത്. മലയാള സാഹിത്യ നിരൂപണത്തിൽ നിലവിലുണ്ടായിരുന്ന സൈദ്ധാന്തിക നിലപാടുകളെ വിമർശന വിധേയമാക്കിയാണ് മുണ്ടശ്ശേരി സാഹിത്യ വിമർശനരംഗത്തേയ്ക്കു പ്രവേശിച്ചത്. സംസ്കൃതജ്ഞാനപദ്ധതികളിൽ അധിഷ്ഠിതമായാണ് മലയാളസാഹിത്യനിരൂപണം പ്രധാനമായും വികസിച്ചുവന്നത്. മലയാളവിമർശനത്തിലെ സംസ്കൃതാനുകരണത്തെയും, സാഹിത്യത്തിലെ നിയോക്ലാസിക് രീതികളെയും മറികടക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. റൊമാന്റിക് സാഹിത്യത്തിനുള്ള ഭാവപരതയാണ് മലയാളകവിതകൾക്കു വേണ്ടതെന്ന് കവിത്രയകൃതികളുടെ പഠനത്തിൽ അദ്ദേഹം വാദിച്ചു. കാല്പനികകവിത നിർമ്മിച്ചെടുത്ത ഭാവുകത്വപരിണതി ഫലപ്രദമായി നിരീക്ഷിച്ചു വിവരിക്കാൻ മുണ്ടശ്ശേരിയിലെ വിമർശകനു സാധിച്ചതായി കാണാം. പാശ്ചാത്യവും ഭാരതീയവുമായ ജ്ഞാനപദ്ധതികൾക്ക് തുല്യപ്രാധാന്യം നൽകിയാണ് മലയാളവിമർശന പദ്ധതിയുടെ ഗതിമാറ്റം അദ്ദേഹം നിർവ്വഹിച്ചത്.

1947-ൽ ഒന്നാം പതിപ്പായി ഇറങ്ങിയ 'പ്രയാണ'മെന്ന വിമർശ കൃതിയിൽ മുണ്ടശ്ശേരി സാഹിത്യകാരന്മാർക്കായി ഒരു നിർദ്ദേശപത്രിക മുന്നോട്ടുവെച്ചു. പ്രസ്തുത നിർദ്ദേശങ്ങളെ ഇപ്രകാരം ക്രോഡീകരിക്കാം.

1. സാഹിത്യം ഹൃദയവും ഹൃദയവും തമ്മിൽ സംവദിക്കലാണ്. (പ്രശസ്ത ബ്രിട്ടീഷ് മാർക്സിസ്റ്റ് നിരൂപകനും ചിന്തകനും കവിയുമായ ക്രിസ്റ്റഫർ കോഡ്വലിന്റെ 'സങ്കല്പവും യാഥാർത്ഥ്യവും' (Illusion & Reality) എന്ന ഗ്രന്ഥത്തെ മുൻനിർത്തിയാണ് അദ്ദേഹം ഒന്നാമത്തെ നിർദ്ദേശം അവതരിപ്പിച്ചത്).
2. സാഹിത്യത്തിൽ വൈകാരികതയ്ക്കാണ് പ്രാധാന്യം
3. സാമൂഹ്യോദ്ദേശകമായിരിക്കണം സാഹിത്യം
4. ഇപ്രകാരം രചിക്കുന്ന കൃതികൾക്ക് ആദിമധ്യാന്തപ്പൊരുത്തവും സുഘടിതരൂപവും ഉണ്ടായിരിക്കണം, അഥവാ ബന്ധദാർഢ്യമുണ്ടായിരിക്കണം.

സാഹിത്യത്തിൽ വൈകാരിക ഘടകങ്ങളോടൊപ്പം സാമൂഹികോദ്ദേശ്യങ്ങളും പ്രധാനപ്പെട്ടതാണ്. പുരോഗമനാശയങ്ങളും നിരീക്ഷണങ്ങളും മുണ്ടശ്ശേരിയുടെ വിമർശനങ്ങളെ നയിച്ചതായി നിരീക്ഷിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സാഹിത്യത്തിന് സമൂഹവുമായും രാഷ്ട്രീയവുമായും അധികാരവുമായും ഉള്ള ബന്ധങ്ങൾ വിമർശനാത്മകമായി അദ്ദേഹം പരിശോധിച്ചിട്ടുണ്ടെന്നും കാണാം. ചൂഷണമനുഭവിക്കുന്ന മനുഷ്യവർഗ്ഗത്തിന്റെ എല്ലാവിധത്തിലുമുള്ള മോചനമാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയം. മുണ്ടശ്ശേരിയുടെ വിമർശനപദ്ധതിയുടെ സത്ത ഇത്തരം ദർശനങ്ങളുടെ സാംസ്കാരിക ഭൂമികയിലാണെന്ന് നിരീക്ഷിക്കാം.

ഇന്ത്യൻ സാംസ്കാരികഘടനയുടെ സൂക്ഷ്മരാഷ്ട്രീയം വെളിപ്പെടുത്തുന്നവയാണ് സംസ്കൃത സാഹിത്യമെന്ന് മുണ്ടശ്ശേരി പറയുന്നുണ്ട്. കാവ്യബാഹ്യമായ അലങ്കാരങ്ങൾക്കും വർണ്ണനകൾക്കുമപ്പുറത്ത് ബ്രാഹ്മണ ജ്ഞാനപദ്ധതി വികസിപ്പിച്ചെടുത്ത അധികാരശ്രേണീവത്കരണം പ്രസ്തുത സാഹിത്യകൃതികളിലുണ്ട്. കൃതികളെ ഉപരിപ്ലവമായി മാത്രം നോക്കിയാൽ പോര, മറിച്ച് ഉള്ളിലേക്കിറങ്ങിക്കാണുമ്പോൾ മാത്രമെ ഇത്തരം ഘടകങ്ങൾ വേർതിരിച്ചെടുക്കാൻ സാധിക്കൂ.

'കാളിദാസനും കാലത്തിന്റെ ദാസൻ' എന്ന നിരൂപണ പ്രബന്ധമാരംഭിക്കുന്നത്, കവി സാമൂഹികജീവിയാണെന്ന അടിസ്ഥാന നിലപാടിലൂന്നിയാണ്. പ്രശസ്ത റഷ്യൻ മാർക്സിസ്റ്റ് തത്ത്വചിന്തകനായ പ്ലഹനോവിന്റെ നിരീക്ഷണത്തിൽ ഒരു ചരിത്രഘട്ടത്തിന്റെ മാനസികാഭിമുഖ്യങ്ങൾ (social mentalities) ഏറ്റവും നന്നായി തെളിഞ്ഞു കാണുക

കലയിലും സാഹിത്യത്തിലുമായിരിക്കും (അവലംബം:സുനിൽ പി.ഇള യിടം 2016) ഇതേ നിരീക്ഷണമാണ് കാലത്തിന്റെ കണ്ണാടിയിലെ കാളി ദാസനിരൂപണത്തിന് മുണ്ടശ്ശേരിയെയും നയിച്ചതെന്ന് നിരീക്ഷിക്കാം. "കവികളുടെ വിശ്വാസങ്ങളിലും അഭിപ്രായങ്ങളിലും അതതു കാലത്തെ സാമൂഹിക സംസ്കാരങ്ങൾ പ്രേരകശക്തിയായിട്ടുണ്ട്". എന്നിങ്ങനെ യും; "കവികൾ തങ്ങൾ ജീവിച്ച കാലങ്ങളിലെ സാമൂഹിക സംസ്കാര ത്തിന് വേണ്ടുവോളം അടിമപ്പെട്ടിരുന്നു" എന്നിങ്ങനെയും മുണ്ടശ്ശേരി പറയുന്നുണ്ട്. സമൂഹമനസ്സിന്റെ സ്വാധീനം സാഹിത്യകാരന്മാരിൽ ഉണ്ടാകുമെന്നും അത് കാളിദാസന്റെ ശാകുന്തളനിർമ്മിതിയെ എപ്രകാ രമാണ് സ്വാധീനിച്ചതെന്നും മുണ്ടശ്ശേരി പ്രസ്തുത ലേഖനത്തിൽ വിശ ദീകരിക്കുന്നു.

അഭിജ്ഞാന ശാകുന്തളകഥയിൽ ഗാന്ധർവ്വ വിവാഹത്തിലെ പൊള്ളത്തരം വേർപാടിന്റെ പൊള്ളുന്ന മാനസികാവസ്ഥയിൽ പരി ഹരിക്കപ്പെട്ട് പുനസ്സമാഗമത്തോടെ കലർപ്പറ്റ അനുരാഗമായി ജീവിതം മുഴുവൻ നീണ്ടുനില്ക്കുന്ന സ്നേഹമായി പരിണമിക്കുകയുമാണ് ചെയ്തത്. ഇത് കാളിദാസീയ സംസ്കാരത്തിന്റെ ജീവനായിത്തന്നെ മുണ്ടശ്ശേരി കണക്കാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ശാകുന്തളകഥയെ വ്യത്യ സ്തമായാണ് മുണ്ടശ്ശേരി നിരീക്ഷിക്കുന്നത്. നാടുവാഴി പ്രഭുക്കന്മാർ നായാട്ടിനും മറ്റും പോകുമ്പോൾ കണ്ടെത്തുന്ന കന്യാജനങ്ങളെ കാമ പൂർത്തിക്കുവേണ്ടി യഥേഷ്ടം ഉപയോഗപ്പെടുത്തിയിരുന്നു. കാര്യം കഴി ഞ്ഞൊടുവിൽ മാറാപ്പേറ്റേണ്ടിവരുന്ന കന്യാജനങ്ങൾ വാഗ്ദാനങ്ങൾ പാലിച്ചുകിട്ടാനും അവകാശങ്ങൾ നേടിയെടുക്കാനുമായി കയറിച്ചെല്ലു മ്പോൾ അത്തരം കാമുകന്മാർ കൈമലർത്താറുണ്ടെന്ന വസ്തുതയാണ് മഹാഭാരതത്തിൽ മറച്ചുവെക്കാതെ പറഞ്ഞത്. സത്യമര്യാദകൾക്കെ തിരായി ദുഷ്യന്തൻ കള്ളംപറഞ്ഞത് മനുഷ്യരെ ഭയന്നിട്ടാണ്. സ്വേച്ഛാ പ്രഭുക്കന്മാരുടെ തൊലിപൊളിച്ചുകാട്ടി നാണംകെടുത്തി നന്നാക്കണമെ ന്നായിരിക്കണം മഹാഭാരതകാരൻ ഉദ്ദേശിച്ചിരുന്നത്.

മുണ്ടശ്ശേരിയുടെ നിരീക്ഷണത്തിൽ മഹാഭാരതകാരന്റെ സ്ത്രീനിർമ്മി തിയിലെ ശകുന്തള:

1. ഒന്നാംതരം തന്റേടക്കാരിയാണ്
2. ദുഷ്യന്തനോട് നേരെ കാര്യങ്ങൾ പറയുന്നു.
3. ഗാന്ധർവത്തിനു മുമ്പ് തന്റെ ഭാവിയെ മുൻനിർത്തി വാഗ്ദാന ങ്ങൾ വാങ്ങുന്നു.
4. കാമിനിയുടെ പ്രേമത്തേക്കാൾ ഒരമ്മയുടെ ധർമ്മരോഷമാണുള്ളത്
5. ഒരു റൊമാന്റിക് ലൗവിൽ സ്വയം അബലയായിത്തീരുന്നവളല്ല.

പുരുഷന്റെ അധിനായകത്വത്തെ സാധൂകരിക്കാനോ സ്ത്രീയുടെ സ്വതഃസിദ്ധമായ തന്റേടത്തെയും അവകാശബോധത്തെയും അസാധുവാക്കുവാനോ മഹാഭാരതകാരൻ ശ്രമിച്ചില്ല എന്നുകൂടെ മുണ്ടശ്ശേരി നിരീക്ഷിക്കുന്നുണ്ട്. യഥാർത്ഥലോകത്തിലെ മനുഷ്യമൂല്യങ്ങളെ ചിത്രീകരിക്കുകയായിരുന്നു ശകുന്തളോപാഖ്യാന കർത്താവിന്റെ പ്രധാനലക്ഷ്യം.

മഹാഭാരതകഥയിൽനിന്നു വ്യത്യസ്തമായി കാളിദാസൻ എന്തുകൊണ്ടാണ് മാറ്റങ്ങൾ വരുത്തിയതെന്ന് മുണ്ടശ്ശേരി ചിന്തിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നുണ്ട്. അവ പ്രധാനമായും നാലെണ്ണമാണെന്ന് കാണാം. ഒന്നാമതായി, ബൗദ്ധദർശനത്തിൽ പ്രധാനപ്പെട്ട വൈരാഗ്യത്തിനെതിരായി ഗാർഹസ്ഥ്യത്തിന്റെ പ്രാധാന്യം പ്രസംഗിച്ച കവിയാണ് കാളിദാസൻ. രണ്ടാമത്തെ നിരീക്ഷണം, ഉത്തമമായ ഗാർഹസ്ഥ്യത്തിൽ ശരീരമാത്രനിഷ്ഠമായ സ്ത്രീപുരുഷബന്ധത്തിൽനിന്നു വ്യത്യസ്തമായി ഉദാത്തമായ സംശുദ്ധിയുടേതായ അവസ്ഥ ഉണ്ടായിവരുന്നു. മൂന്നാമത്തെ ശ്രദ്ധേയമായ നിരീക്ഷണം—സംസ്കാരദീപ്തനായ മനുഷ്യൻ സാമൂഹ്യജീവിയാകുവാനുള്ള തിടുക്കത്തിൽ കൃത്രിമമായി ഉണ്ടാക്കിയ താല്പര്യങ്ങളി ലൊന്നാണ് പ്രേമം. ഒടുവിലത്തെ നിരീക്ഷണമാണ് ഏറ്റവും പ്രധാനം. അത് ഇപ്രകാരമാണ്. കൃത്രിമമായി ഉണ്ടാക്കിയെടുത്ത താല്പര്യങ്ങളെല്ലാം മാനവസംസ്കാരത്തിന്റെ നേട്ടങ്ങളാണ്.

ഇങ്ങനെ മാനവസംസ്കാരം കൃത്രിമമായി ഉണ്ടാക്കിയെടുത്ത നേട്ടങ്ങളിൽ പരിക്കുപറ്റിയത് സ്ത്രീക്കാണ്. ഇത്തരം സാമൂഹികനിർമ്മിതി ശകുന്തളയ്ക്കെതിരെ സ്വീകരിച്ച നിലപാടുകൾ അഭിജ്ഞാനശാകുന്തളത്തിൽനിന്ന് മുണ്ടശ്ശേരി വേർതിരിച്ചെടുക്കുന്നു. അവ ഇപ്രകാരം ക്രോഡീകരിക്കാം:

1. സ്ത്രീയുടെ സാമൂഹികപദവി താഴെ ആക്കി
2. ദുർവ്വാസാവിന്റെ കഥ, ശകുന്തളയ്ക്കെതിരാണ്. സ്ത്രീയുടെ ശ്രദ്ധക്കുറവ് വിമർശിക്കപ്പെടുന്നു.
3. ദുഷ്യന്തന്റെ ശകുന്തളാനിരാസം മഹാഭാരതത്തിലെപ്പോലെ അധർമ്മഭീതി കൊണ്ടല്ല, മറിച്ച് ദുർവ്വാസാശാപത്താൽ പൂർവ്വകഥ വിസ്മരിച്ചതിനാലാണ്.
4. ശാപമോക്ഷത്തിനാധാരമായ വാഗ്ദാനങ്ങൾ ശകുന്തളയിൽ നിന്നും മറച്ചുവെക്കപ്പെടുന്നു.
5. രാജാവിനാൽ മാത്രമല്ല, സ്വജനങ്ങളാലും ശകുന്തള വിമർശന വിധേയയാകുന്നു.
6. സ്ത്രീയുടെ വ്യക്തിസ്വാതന്ത്ര്യം നിരസിക്കപ്പെടുന്നു.

7. സ്ത്രീയെ പുരുഷന്റെ ഉപഭോഗ്യവിഭവങ്ങളിൽ ഏറ്റവും മികച്ച ഒന്നു മാത്രമാക്കി മാറ്റി.
8. ദുഷ്യന്തൻ എന്ന പുരുഷനെ മാത്രം ബാധിക്കുന്ന ഒന്നാക്കി ശാകുന്തളകഥയെ രൂപമാറ്റം വരുത്തി.

സ്ത്രീവാദപരമായ നിരീക്ഷണങ്ങൾ കേരളത്തിൽ ശക്തമാകുന്നതിനുമുമ്പ് രചിച്ച വിമർശന ലേഖനമാണ്, കാളിദാസനും കാലത്തിന്റെ ദാസൻ. അത്യന്തികമായി ചൂഷണമനുഭവിക്കുന്ന വർഗ്ഗത്തെ അഭിസംബോധന ചെയ്യുന്ന പ്രത്യയശാസ്ത്രനിലപാട് വിമർശകനെ സ്വാധീനിച്ചതുകൊണ്ടാണ് കാളിദാസന്റെ ഇരട്ടത്താപ്പ് വെളിപ്പെടുത്താൻ അക്കാലത്തു തന്നെ മുണ്ടശ്ശേരിക്കു സാധിച്ചത്. മഹാഭാരതകാലത്തു നിലനിന്നിരുന്ന സാമൂഹിക മനോനിലകളുടെ സൃഷ്ടിയായിരുന്ന ഉപാഖ്യാനത്തിലെ ശകുന്തള. അതിൽനിന്നും വ്യത്യസ്തമായി കുറേക്കൂടെ സംസ്കാരസമ്പന്നനാകാൻ മനുഷ്യർ ശ്രമിച്ചതിന്റെ ഫലമായി സ്ത്രീയുടെ സഹജമായ തന്റേടത്തെയും വ്യക്തി സ്വാതന്ത്ര്യത്തെയും ഇല്ലായ്മചെയ്യാൻ ശ്രമിച്ച ബ്രാഹ്മണജ്ഞാന പദ്ധതിയുടെ സാമൂഹിക പരിണതിയാണ് അഭിജ്ഞാനശാകുന്തളത്തിലെ ശകുന്തള. പതിവ്രതയുടെയും വേശ്യയുടെയും സാമൂഹികനിർമ്മിതി രൂപപ്പെട്ടത് ഇത്തരം ജ്ഞാന പദ്ധതിയുടെ ഭാഗമായിട്ടാണ്. ശകുന്തള ഗാന്ധർവ്വ വിവാഹഘട്ടം വരെ പാതിവ്രത്യമൂല്യങ്ങളനുസരിക്കുന്ന കന്യകയാണ്. ഗാന്ധർവ്വാനന്തരമാകട്ടെ; ഭർത്താവ് തള്ളിക്കളയുന്ന സ്ത്രീയെ നാലാമങ്കത്തിൽ സ്നേഹത്തോടെ അനുഗമിച്ച ബന്ധുജനങ്ങൾപോലും ഒന്നാകെ കൈയ്യൊഴിയുകയാണ്. ശാർങ്ഗരവൻ ഇപ്രകാരമാണ് പ്രസ്തുത ഭാഗത്ത് പറയുന്നത്: 'രാജാവു പറയുമ്പോലെയാണ് നീയെങ്കിൽ കുലംപിഴച്ച നിന്നെ അച്ഛനു വേണമോ? അല്ല സ്വന്തം വിശുദ്ധനിഷ്ഠ നിനക്കറിയാമെങ്കിൽ ഭർതൃഗൃഹത്തിലെ അടിമവേലയും നിനക്കു ചിതമാണ് (അവലംബം: മാരാരുടെ വിവർത്തനം) ഇപ്രകാരം ഭർത്താവിനും കുടുംബത്തിനും വേണ്ടാത്ത സ്ത്രീകളെ ഉപേക്ഷിച്ചു പോകുന്ന ബന്ധുജനങ്ങൾ കാളിദാസകാലം മുതല്ക്കേ ഉണ്ടായിരുന്നു. സമൂഹത്തിന്റെയും കുടുംബത്തിന്റെയും മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അതിൽ ഒതുങ്ങാത്ത സ്ത്രീയെ നിഷ്കരുണം തള്ളിക്കളയുകയും വേശ്യയായി കണക്കാക്കുകയും ചെയ്യുന്നത് ഈ ഭാഗത്തു കാണാം. കാളിദാസന്റെ ശാർങ്ഗരവൻ 'പുരോഭാഗേ' എന്നാണവളെ വിളിക്കുന്നത്. മാരാർ പ്രസ്തുതഭാഗം വിവർത്തനം ചെയ്തത് 'ചേട്ട' എന്നാണ്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ 'ദോഷൈകദർശിനീ' എന്നും, ഏ.ആർ., 'ദോഷം മാത്രം കാണുന്നവളേ' എന്നും, ആറ്റൂർ 'വിവേകം കെട്ടവളേ' എന്നും കുറ്റിപ്പുറത്തു കേശവൻനായർ, 'സ്വയംകൃതമായ

ചാപല്യം' എന്നിങ്ങനെയുമാണ്. ഇത്തരം പദങ്ങളെല്ലാം ശകുന്തള ഗാന്ധർവത്തിൽ സ്വീകരിച്ച വ്യക്തി സ്വാതന്ത്ര്യത്തെ പരോക്ഷമായി വിമർശിക്കുന്നതാണ്. സ്വയം നിലപാടുകൾ സ്വീകരിക്കാൻ കഴിവുള്ള സ്ത്രീ വിമർശിക്കപ്പെടുന്നത്, സാമൂഹിക മനോഭാവത്തിന്റെ ഭാഗമായിട്ടാണെങ്കില്പോലും അനുകൂലിക്കാൻ മുണ്ടശ്ശേരിയിലെ സ്ത്രീവാദിക്കു സാധിച്ചില്ല എന്നു നിരീക്ഷിക്കാം. മാത്രമല്ല, ഒരിക്കൽ വളരെ സ്നേഹത്തോടെ പരിഗണിച്ച ബന്ധുജനങ്ങളെല്ലാം (ഗൗതമി ഒഴികെ) അധിക്ഷേപിച്ചതും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. പതിവ്രതയ്ക്കും, വേശ്യയ്ക്കുമിടയിൽ ഇല്ലാതായിപ്പോകുന്ന യഥാർത്ഥ സ്ത്രീസത്ത തിരിച്ചറിഞ്ഞ വിമർശകനെ ഈ നിരൂപണത്തിൽ ദർശിക്കാം.

'കാളിദാസന്റെ കാവ്യശൈലി' എന്ന ലേഖനത്തിൽ ഡോ. സി. രാജേന്ദ്രൻ ഇപ്രകാരം പറയുന്നുണ്ട്: 'അനുഭവിക്കേണ്ടത് അനുഭവിക്കാനുള്ള അവസരമായി ജീവിതത്തെ നോക്കിക്കാണുന്ന കാളിദാസൻ 'ഭോഗ'മെന്ന ആശയത്തെ തന്റെ കൃതികളിൽ പലേടത്തും ആവർത്തിച്ചു പയോഗിക്കുന്നു. 'അഭിജ്ഞാന ശാകുന്തള'ത്തിൽ മാംസബദ്ധമായ രാഗത്തെക്കുറിച്ചുള്ള വർണ്ണന ആദ്യഭാഗം മുതൽക്കുണ്ട്. ഒന്നാമങ്കത്തിലെ 'സ്ഥാപന'യിൽ നടി പാടുന്ന പാട്ടിൽ, 'വണ്ടുകൾ പതുക്കെ മുകർന്ന നെന്മേനി വാകപ്പൂക്കൾ ചൂടിയ മങ്ക'മാരെ പരാമർശിക്കുന്നുണ്ട്. രണ്ടാമങ്കത്തിലെ സുപ്രസിദ്ധവും, സ്ത്രീയെ വിഭവമായി കാണുന്നതുമായ മറ്റൊരുഭാഗം ഇപ്രകാരമാണ്: 'ഈന്തപ്പഴം തിന്നു ചെടിച്ചവന് പുളിങ്ങ തിന്നാൽ കൊള്ളാമെന്നുണ്ട്. അതുപോലെയാണ് പെൺമണികളിൽ മടുപ്പു വന്നിരിയ്ക്കുന്ന താങ്കൾക്ക് ഇപ്പൊഴീക്കൊതി' (വിവ. കുട്ടികൃഷ്ണമാരാർ). ഇത്തരം സന്ദർഭങ്ങൾ അഭിജ്ഞാന ശാകുന്തളത്തിൽ എല്ലായിടത്തും ധാരാളമായി കാണാനാകും.

പ്രസ്തുത കൃതിയിൽ ഭോഗവസ്തുവായി മാത്രം സ്ത്രീയെ കണക്കാക്കുന്ന കാളിദാസന്റെ പുരുഷനീതി സ്ത്രീപക്ഷത്തു നിന്ന് വിമർശനവിധേയമാക്കാൻ മുണ്ടശ്ശേരി തയ്യാറാകുന്നതായി കാണാം. അതുകൊണ്ടാണ് അദ്ദേഹം; "ഈശ്വരനെപ്പോലും പുല്ലിംഗത്തിലാക്കിയിട്ടുള്ള പുരുഷനെക്കൊണ്ട് സ്ത്രീയെ തന്റെ ഉപഭോഗ്യവിഭവങ്ങളിൽ ഒന്നായി—ഏറ്റവും മികച്ചതെന്നു വെച്ചോളൂ—വെട്ടിക്കുറപ്പിച്ച ആ സാമൂഹ്യനീതിയുടെ സൃഷ്ടിയാണ് ശകുന്തള'—എന്നിങ്ങനെ എഴുതിയത്. ഭോഗാസക്തമായ ജീവിതനിലപാടുകൾ നിലനിർത്തിയതുകൊണ്ടാവണം സ്ത്രീയെ പ്രധാനപ്പെട്ട വിഭവമായി അക്കാലപുരുഷനീതി നിർവ്വചിച്ചതെന്ന് നിരീക്ഷിക്കാം. അഭിജ്ഞാന ശാകുന്തളാരംഭം മുതൽക്കുതന്നെ

ഗാംഭീര്യവാനായ നായാട്ടുകാരനാണ് രാജാവായ ദുഷ്യന്തൻ. ആത്മ വിശ്വാസമാണ് അദ്ദേഹത്തെ നയിക്കുന്നത് അതുകൊണ്ടാണ് മുന്നിൽ കാണുന്ന സ്ത്രീ തനിക്ക് അർഹയാണെന്ന് കരുതുന്നത്. പ്രസ്തുത ഭാഗം ഏ.ആർ: 'സത്തർക്കു സംശയ നിവാരണത്തിൽ പ്രമാണം സത്യസ്വ രൂപഹൃദയപ്രതിപത്തിയത്രേ' (മലയാള ശാകുന്തളം അങ്കം ഒന്ന് പുറം 43) എന്നിങ്ങനെയാണ് വിവരിക്കുന്നത്. പിന്നീട് അവൾക്ക് തന്നോട് ഇഷ്ടമുണ്ടാകാനിടയുണ്ട് എന്നുചിന്തിക്കുന്നതും അതേ ആത്മവിശ്വാസം കൊണ്ടാണ്. എന്നാൽ ശകുന്തളയാകട്ടെ തന്റെ ഇഷ്ടം തോഴിമാരോടു പോലും തുറന്നുപറയാൻ മടിക്കുന്നു. നാലാമങ്കത്തിലും അഞ്ചാമങ്കത്തിലും ദയനീയസ്ഥിതിയിലുള്ള അബലയായ ശകുന്തളയെയാണ് കാളിദാസൻ അവതരിപ്പിച്ചത്. ഇതിനാലാകണം മുണ്ടശ്ശേരി, ഇപ്രകാരം നിരൂപണ ത്തിൽ എഴുതിയത്.

"പുരുഷന്റെ മുമ്പിൽ തലയുയർത്തിപ്പിടിച്ച് തുല്യമായ വ്യക്തിത്വം അവകാശപ്പെടാൻ മതിയായ മഹാഭാരതത്തിലെ ശകുന്തള കാളിദാ സന്റെ കൈയ്യിൽ കണ്വാശ്രമത്തിലെ മാൻപേടയേക്കാൾ കൂടുതൽ അബലയും നിസ്സഹായയുമായിപ്പോയി."

സാമൂഹികപ്രതിബദ്ധതയിലധിഷ്ഠിതമാവണം സാഹിത്യരചന കളെന്ന നിലപാടായിരുന്നു ജോസഫ് മുണ്ടശ്ശേരിക്കുണ്ടായിരുന്നത്. 'രൂപഭദ്രൻ' എന്ന് വിമർശിക്കപ്പെട്ടെങ്കിലും; 'പ്രയാണ'ത്തിലെ 'സാഹിത്യകാരന്മാർക്കുള്ള നിർദ്ദേശപത്രിക' മേൽപറഞ്ഞ നിലപാ ടുകളെ സാധൂകരിക്കുന്നതാണ് കാളിദാസശാകുന്തളത്തിലെ അനുരാ ഗത്തിന്റെ തീവ്രത അംഗീകരിക്കുമ്പോൾ തന്നെ, രചനയിലെ ലിംഗ വിവേചനം അദ്ദേഹം തിരിച്ചറിയുന്നുണ്ട്. മഹാഭാരതകാരൻ ശാകു ന്തളോപാഖ്യാനത്തിൽ ലിംഗപദവിയിലെ സാമൂഹികനിലപാടുകൾ അടയാളപ്പെടുത്തിയിട്ടില്ല. എന്നാൽ കാളിദാസൻ വ്യത്യസ്തനാണ്. അദ്ദേഹം സ്ത്രീയുടെ പദവി പുരുഷനു താഴെയാക്കി മാറ്റി. അവളുടെ ശ്രദ്ധക്കുറവിനെയും വ്യക്തിസ്വാതന്ത്ര്യത്തെയും വിമർശിക്കുന്ന തിനായി മഹാഭാരതകഥയിലുള്ളതിനേക്കാൾ കൂടുതൽ ഭാഗങ്ങൾ അഭിജ്ഞാന ശാകുന്തളത്തിൽ കൂട്ടിച്ചേർത്തു. കാളിദാസനിർമ്മിതി യിലെ അതിസൂക്ഷ്മമായ ലിംഗവിവേചനം മുണ്ടശ്ശേരി 'കാളിദാസനും കാലത്തിന്റെ ദാസൻ' എന്ന വിമർശനലേഖനത്തിൽ അവതരിപ്പിക്കു ന്നു. മുണ്ടശ്ശേരിയുടെ ലേഖനം, 'ശകുന്തള' എന്ന സ്ത്രീയെ കാളിദാസൻ രേഖപ്പെടുത്തിയതിലുള്ള വൈരുദ്ധ്യങ്ങൾ വെളിപ്പെടുത്തുന്നതാണ്. സ്ത്രീ-പുരുഷബന്ധത്തിലും പദവി വിതരണത്തിലുമുള്ള സമൂഹത്തിന്റെ

വ്യത്യസ്തനിലപാടുകൾ സൂക്ഷ്മമായി വിലയിരുത്തുവാൻ മുണ്ടശ്ശേരിക്കു സാധിച്ചതായി നിരീക്ഷിക്കാം.

## സഹായകഗ്രന്ഥങ്ങൾ

1. ജോസഫ് മുണ്ടശ്ശേരി, 2004, മുണ്ടശ്ശേരി കൃതികൾ വാല്യം -1 കറന്റ് ബുക്സ്, തൃശ്ശൂർ
2. ജോസഫ് മുണ്ടശ്ശേരി, 2004, മുണ്ടശ്ശേരി കൃതികൾ വാല്യം-2 കറന്റ് ബുക്സ്, തൃശ്ശൂർ
3. കേരളവർമ്മ വലിയകോയിതമ്പുരാൻ 1978, മണിപ്രവാള ശാകുന്തളം നാഷണൽ ബുക്സ്റ്റാ ൾ കോട്ടയം.
4. ഏ.ആർ. രാജരാജവർമ്മ 1988, മലയാള ശാകുന്തളം സി.ജെ.എം.പബ്ലിക്കേഷൻസ്, കോട്ടയം
5. ആറ്റൂർ കൃഷ്ണപിഷാരടി 1985, കേരള ശാകുന്തളം, ആറ്റൂർ പബ്ലിക്കേഷൻസ് തൃശ്ശൂർ
6. കുറ്റിപ്പുറത്ത് കേശവൻ നായർ 1990, അഭിജ്ഞാന ശാകുന്തളം കറന്റ് ബുക്സ്, തൃശ്ശൂർ.
7. ഡോ. എം.ടി. സുലേഖ 2003, മുണ്ടശ്ശേരി നിരൂപണത്തിലെ കലയും കാലവും കറന്റ് ബുക്സ്, കോട്ടയം.
8. ഡോ. സി.രാജേന്ദ്രൻ 2009, വിമർശനത്തിലെ രാജവീഥികൾ, വള്ളത്തോൾ വിദ്യാപീഠം, എടപ്പാൾ ഡോ.സി. രാജേന്ദ്രൻ, 2006
9. പുതുവായന, സി.രാജേന്ദ്രൻ 2006, ഡി.സി. ബുക്സ്, കോട്ടയം.
10. ഷാജി ജേക്കബ് (എ.ഡി.) 2013, ആധുനികാനന്തര മലയാള സാഹിത്യവിമർശനം, സൈകതം ബുക്സ്, എറണാകുളം
11. ജയകൃഷ്ണൻ എൻ. (എഡി.) ഫെമിനിസം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം 2011.
12. ജെ. ദേവിക, കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ? കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ -2015.+